# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3571** | **11.12.2018-ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷനുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) | ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമപെൻഷനുകളുടെ വിതരണത്തിൽ ഏതെങ്കിലും തരത്തിലുള്ള കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; എങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; എന്നത്തേക്ക് ഇത് പൂർണ്ണമായും വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പ്രാദേശിക സർക്കാരുകൾ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കപ്പെട്ടതുകൊണ്ടും, യഥാസമയം പ്രദേശിക സർക്കാരുകൾക്ക് സമർപ്പിക്കേണ്ട രേഖകൾ നൽകാതിരുന്നതിനാലും, പെൻഷൻ വിതരണ സമയത്ത് ഗുണഭോക്താവ് സ്ഥലത്തില്ലാതിരുന്നത് കാരണം തുക തിരികെ അയക്കപ്പെട്ടത് മൂലവും ചില പെൻഷൻ ഗുണഭോക്താകൾക്ക് കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കൂടാതെ 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ പെൻഷൻ തുക കുടിശ്ശികയായിട്ടുണ്ട്. ഇത് ഡിസംബർ മാസത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പുതിയതായി പെൻഷനുകൾക്ക് അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പുതിയതായി അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ